# The Heavenly Light Ministry

കർത്താവു താൻ ഗംഭീര നാദത്തോടും
പ്രധാന ദൈവദൂത ശബ്ദത്തോടും
സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്നീടുമ്പോൾ
എത്രയോ സന്തോഷം (3) മദ്ധ്യാകാശത്തിൽ എത്രയേ

മണ്ണീലുറങ്ങീടുന്ന ശുദ്ധിമാന്മാർ
വിണ്ണിൻ കാഹളം കേൾക്കുന്ന മാത്രയിൽ
പെട്ടെന്നുയർത്തു വാനിൽ ചേർന്നീടുമേ
തീരാത്ത സന്തോഷം (3) പ്രാപിക്കുമവർ തീരാത്ത

ജീവനോടി ഭൂതലേ പാർക്കും ശുദ്ധർ
രൂപാന്തരം പ്രാപിക്കുമോ നേരത്തിൽ
ഗീതസ്വരത്തോടും ആർപ്പോടും കൂടെ
വിണ്ണുലകം പൂകും (3) ദൂതതുല്ല്യരായ് വിണ്ണുലകം

കുഞ്ഞാട്ടിൻ കല്യാണ മഹൽ ദിനത്തിൽ
തന്റെ കാന്തയാകും വിശുദ്ധ സഭ
മണിയറയ്ക്കുള്ളിൽ കടക്കുമ്പോൾ
എന്തെന്തു സന്തോഷം (3) എൻ ജീവിതത്തിൽ എന്തെന്തു

സിദ്ധന്മാരാം പൂർവ്വ പിതാക്കളെല്ലാം
മദ്ധ്യാകാശത്തിൽ കല്ല്യാണ വിരുന്നിൽ
ക്ഷണിക്കപ്പെട്ടു പന്തിയിരിക്കുമ്പോൾ
ആമോദമായ് പാടും (3) ശലേമിൻ ഗീതം ആമോദമായ്

രാജത്വം പ്രാപിച്ചു ഭൂതലത്തിൽ
ആയിരമാണ്ടു വാഴാൻ വന്നിടുമ്പോൾ
ശത്രുവാം സാത്താനേ ബന്ധിച്ചീടുന്നു
വാണീടും ഭൂമിയിൽ (3) രാജാധിരാജൻ വാണീടും